പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3084 07/11/2019 ലെ മറുപടി

# അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ വിശദവിവരം നൽകുമോ; | നെടുമങ്ങാട് - അരുവിക്കര നിയോജകമണ്ഡലങ്ങളിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സ്കിൽ ഡെവലെപ്പ്മെന്റ് സെന്റർ പ്രവർത്തിക്കുന്നത്. ഗവ : കോളേജ് നെടുമങ്ങാട് ആസ്ഥാനമാക്കിയാണ് നെടുമങ്ങാട് സ്കിൽ ഡെവലെപ്പ്മെന്റ് സെന്ററിൻ കീഴിലായി ആകെ 16 വിദ്യാലയങ്ങളിലാണ് അസാപ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അസാപ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള വിദ്യാലയങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>1.എസ്.കെ.വി. എച്ച്.എസ്.എസ് നന്നിയോട്<br>2. ഗവ: ഗേൾസ് എച്ച്.എസ്.എസ് നെടുമങ്ങാട്<br>3.എസ്.എൻ.എച്ച്.എസ്.എസ് ഉഴമലയ്ക്കൽ<br>4. ഇക്ബാൽ എച്ച്.എസ്.എസ് പെരിങ്ങമല<br>5. ഗവ: വി.എച്ച്.എസ്.എസ് വെള്ളനാട്<br>6. ഗവ: എച്ച്.എസ്.എസ് അരുവിക്കര<br>7. ഗവ: എച്ച്.എസ്.എസ് പൂവത്തൂർ<br>8. ഗവ: വി.എച്ച്.എസ്.എസ് കരകുളം<br>9. ഗവ: എച്ച്.എസ്.എസ് തൊളിക്കോട്<br>10. ഗവ: വി.എച്ച്.എസ്.എസ് വിതുര<br>11. എസ്.എൻ.വി എച്ച്.എസ്.എസ് ആനാട്<br>12. എൽ.എം.എസ് എച്ച്.എസ്.എസ് വട്ടപ്പാറ<br>13. ഗവ: വി.എച്ച്.എസ്.എസ് ആര്യനാട്<br>14 പി.എച്ച്.എം.കെ.എം എച്ച്.എസ്.എസ് പനവൂർ<br>ഗവ: എച്ച്.എസ്.എസ് തൊളിക്കോടിൽ ബാച്ച് ആരംഭിക്കാൻ വേണ്ട വിദ്യാർത്ഥികളുടെ എണ്ണം തികയാത്തതിനാൽ 2016-2017 അധ്യയന വർഷം മുതൽ അസാപ്പ് നടപ്പിലാക്കുന്നില്ല. |

**അസാപ്പ് പദ്ധതി വിശദാംശങ്ങൾ**

ഉന്നത വിദ്യാഭ്യാസത്തിനു ശേഷവും തൊഴിലില്ലായ്മ വർധിച്ച വരുന്നതിനാൽ. ഈ അവസ്ഥ പരിഹരിക്കാനായി ഉന്നത പൊതു വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന സംരഭംമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം അഥവാ ASAP.

സ്കൂൾ കോളേജുതല അധ്യയനത്തോടൊപ്പം തന്നെ വിദ്യാർത്ഥികളെ തൊഴിൽ മേഖലയ്ക്ക് അനുസൃതമായി സജ്ജരാക്കുവാൻ വേണ്ടുന്ന ലൈഫ് സ്കിൽ ജീവിത നൈപുണ്യ പരിശീലനമാണ് അസാപ് പദ്ധതി വഴി നടപ്പിലാക്കുന്നത്. ഗവ:/ എയ്ഡഡ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ആർട്സ്&സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നു. പ്ലസ് വൺ ക്ലാസ്സുകളിലേയും ബിരുദ തലത്തിലെ ഒന്നാം വർഷ ക്ലാസ്സുകളിലെയും വിദ്യാർത്ഥികളെയാണ് അസാപ് ക്ലാസുകളിലേയ്ക്ക് തെരെഞ്ഞെടുക്കുന്നത്.

സ്കൂൾ കോളേജ് സമയത്തിന് പുറത്തുള്ള സമയമായിരിക്കും അധ്യയന സമയമായി തെരെഞ്ഞെടുക്കുക. ദിവസവും ഒരു മണിക്കൂറായി ഇതു നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അവധി ദിവസങ്ങളിലും ശനിയാഴ്ച്ചകളിലും കൂടുതൽ സമയം ക്ലാസ്സുകളുണ്ടായിരിക്കുന്നതാണ്.

അസാപിൽ അംഗമാകുന്ന സ്ഥാപന ങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 100 മണിക്കൂർ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, 80 മണിക്കൂർ ദൈർഘ്യമുള്ള വിവര സാങ്കേതിക വിദ്യാ പാഠങ്ങൾ എന്നിവ ഉൾപ്പെടുന്ന ഫൗണ്ടേഷൻ മൊഡ്യൂൾ പരിശീലനം നൽകപ്പെടുന്നു. ഇതിലൂടെ ആധുനിക തൊഴിൽ മേഖലകളിൽ പ്രവർത്തിക്കാനാവശ്യമായ തൊഴിൽ ക്ഷമത കൈവരിക്കുവാൻ സഹായിക്കും . ഈ ഫൗണ്ടേഷൻ മൊഡ്യൂൾ പരിശീലകരെ അസാപ് തെരെഞ്ഞെടുത്തു പരിശീലന സജ്ജരാക്കുന്നുണ്ട്.

ഇത് കൂടാതെ ദേശീയ നൈപുണ്യ പരിശീലന ചട്ടക്കൂടനുസരിച്ചുള്ള 100-ഓളം തൊഴിൽ നൈപുണ്യ ക്ലാസ്സുകൾ അസാപ് പരിശീലനത്തിന്റെ ഭാഗമായി സജ്ജ മാക്കിയിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ(121 എണ്ണം) അസാപ് സജ്ജമാക്കിയിട്ടുണ്ട്. പരിശീലന

പൂർത്തിയിൽ നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഭാഗമായ സെക്ടർ സ്കിൽ കൗൺസിലുകൾ (SSCs) നൽകുന്ന നൈപുണ്യ സർട്ടിഫിക്കറ്റു കളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുക.

ഫൗണ്ടേഷൻ മൊഡ്യൂൾ പരിശീലത്തിന് ബ്രിട്ടീഷ് കൗൺസിൽ നൽകുന്ന APTIS സർട്ടിഫിക്കറ്റുകളാണ് ലഭ്യമാക്കുന്നത്.

സെക്ഷൻ ഓഫീസർ